നമ്പർ 40/2015/വനം പ്രകാരം പ്ലാവ്, ആഞ്ഞിലി മരങ്ങൾ, റവന്യൂ, വനംവകുപ്പ് ഉദ്യോഗസ്ഥരുടെ പരിശോധനയ്ക്ക് വിധേയമായി പട്ടയ ഭൂമിയിൽ നിന്ന് മുറിക്കുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ റവന്യൂ, വനം വകുപ്പ് ഉദ്യോഗസ്ഥരുടെ പരിശോധന നടത്തണമെന്ന നിബന്ധന പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു എന്ന് കണ്ടതിനെത്തുടർന്ന് ഉത്തരവിൽ ഭേദഗതി വരുത്തി 'വനം, റവന്യൂ ഉദ്യോഗസ്ഥരുടെ പരിശോധനയ്ക്ക് വിധേയമായി' എന്ന നിബന്ധന ഒഴിവാക്കിക്കൊണ്ട് 9-7-2015 തീയതിയിലെ സ.ഉ.(എംഎസ്.) നമ്പർ 49/2015/ വനം എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) വന്യമൃഗങ്ങൾമൂലമുള്ള കൃഷിനാശം തടയുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. അധിക കേന്ദ്ര സഹായത്തോടെ സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 87.5 കിലോമീറ്റർ ദൂരം സൗരോർജ്ജ കമ്പിവേലികൾ, ആനപ്രതിരോധ മതിലുകൾ, കല്ല് പാകിയ കിടങ്ങുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള 500 ലക്ഷം രൂപയുടെ പദ്ധതി.

2. NABARD-RIDF-ന്റെ സാമ്പത്തിക സഹായത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വനാതിർത്തികളിൽ 15 കിലോമീറ്റർ കരിങ്കൽ ഭിത്തി നിർമ്മിക്കുന്നതിനുള്ള 19.38 കോടി രൂപയുടെ പദ്ധതി.

3. കേരളത്തിലെ 13 ജില്ലകളിൽ 692 കിലോമീറ്റർ വനാതിർത്തികളിൽ വന്യജീവി പ്രതിരോധ സംവിധാനങ്ങൾ നിർമ്മിക്കുന്നതിനും വന്യജീവി ആക്രമണം തടയുന്നതിനും കൂടാതെ 5 ദ്രുത പ്രതികരണ സംഘങ്ങളെ (ആർ.ആർ.റ്റി.) നിയോഗിക്കുന്നതിനുമായുള്ള 259.81 കോടി രൂപയുടെ കൃഷിരക്ഷാ പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ.

ആദിവാസികൾക്ക് ഭൂമി വിതരണം

279 (3101) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുപ്രീം കോടതി ഉത്തരവ് അനുസരിച്ച് ആദിവാസികൾക്ക് എത്ര ഏക്കർ ഭൂമി വീതമാണ് വിതരണം ചെയ്യേണ്ടത്; വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആദിവാസികൾക്ക് എത്ര ഏക്കർ വീതം, ഏതെല്ലാം ജില്ലകളിൽ വിതരണം ചെയ്യു ; ഭൂമി വിതരണം ചെയ്യുന്നതിനായി വനംവകുപ്പ് പ്രത്യേകം ഓഫീസ് തുറന്നിരുന്നോ ; പ്രസ്തുത ഓഫീസ് ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ ; ഈ ഓഫീസ് ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വ്യക്ത മാക്കാമോ ?

ഉത്തരം

(എ) കേരളത്തിലെ ഭൂരഹിതരായ ആദിവാസികൾക്ക് വിതരണം ചെയ്യുന്ന തിലേക്കായി സുപ്രീം കോടതിയുടെ അംഗീകാരത്തോടെ കേന്ദ്ര സർക്കാർ 19002 ഏക്കർ (7693 ഹെക്ടർ) വനഭൂമി അനുവദിച്ചിട്ടുണ്ട്.

(ബി) ഭൂമി വിതരണം ചെയ്യുന്നത് പട്ടികവർഗ്ഗ വികസന വകുപ്പും റവന്യൂ വകുപ്പും ചേർന്നാണ്. മേൽപ്പറഞ്ഞ ഭൂമിയിൽനിന്ന് വയനാട് ജില്ലയിൽ 1656.18 ഏക്കർ ഭൂമിക്ക് വനാവകാശ നിയമപ്രകാരം കൈവശരേഖയും 3587.84 ഏക്കറിന് പട്ടയവും നൽകി. മലപ്പുറം ജില്ലയിൽ 81.04 ഏക്കറിന് വനാവകാശ നിയമ പ്രകാരം കൈവശരേഖയും 55.65 ഏക്കറിന് പട്ടയവും നൽകി. പാലക്കാട് ജില്ലയിൽ 681.55 ഏക്കറിന് വനാവകാശ നിയമപ്രകാരം കൈവശരേഖയും 182.92 ഏക്കറിന് പട്ടയവും നൽകി.

ഭൂമി വിതരണത്തിന് വനംവകുപ്പ് പ്രത്യേക ഓഫീസ് തുറന്നിട്ടില്ല. ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യുന്നതിനുവേണ്ട കേന്ദ്ര അനുവാദം വാങ്ങുന്നതിനും അവരുടെ പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വനംവകുപ്പിൽ ടൈബൽ റീഹാബിലിറ്റേഷൻ കമ്മീഷണറെ 2004-ൽ നിയമിക്കുകയുണ്ടായി. 2014-ൽ കമ്മീഷണറുടെ ഓഫീസ് വനം വകുപ്പാസ്ഥാനത്തെ ഇക്കോ ഡെവലപ്മെന്റ് ആന്റ് ടൈബൽ വെൽഫയർ വിഭാഗത്തിൽ ലയിപ്പിച്ചു. വനഭൂമിയിൽ പുനരധിവസിപ്പിക്കുന്ന ആദിവാസികളുടെ സമഗ്ര വികസനത്തി നായുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുകയായിരുന്നു ടൈബൽ റീഹാബിലിറ്റേഷൻ കമ്മീഷണറുടെ ചുമതല. ഈ ഓഫീസിന്റെ നേതൃത്വത്തിലാണ് പ്രസ്തുത വനഭൂമിക്ക് നെറ്റ് പ്രസന്റ് വാല്യൂ (NPV) ഒഴിവാക്കി കിട്ടുന്നതിന് സുപ്രീം കോടതിയിൽ നിന്നും അനുമതി ലഭിച്ചത്. തുടർന്ന് വിവിധ പ്ലോട്ടുകൾ പരിശോധിച്ച് വാസ യോഗ്യമായ ഭൂമി സംയുക്ത പരിശോധനനടത്തി കണ്ടെത്തിയതും ഈ ഓഫീസിൽ നിന്നുമാണ്.

LIBRARY ARCHIVES Kerala Legislative Assembly